കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# വെള്ളാങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2018-19


തൃശ്ശൂർ ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail: dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ(ബി.പി.2)325/2020

കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ: 680 020
E.mail- dotsr.ksad@kerala.gov.in
ഫോൺ- 0487 2331249
തീയതി 09.06.2020.

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

വെള്ളാങ്കല്ലൂർ ബ്ലോക്ക് പഞ്ചായത്ത്.

സർ,

വിഷയം : വെള്ളാങ്കല്ലൂർ ബ്ലോക്ക് പഞ്ചായത്ത്- 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെള്ളാങ്കല്ലൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം വെള്ളാങ്കല്ലൂർ ബ്ലോക്ക് പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ വെള്ളാങ്കല്ലൂർ ബ്ലോക്ക് പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും

പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ), തൃശ്ശൂർ

3)കാര്യാലയ പകർപ്പ്

നം .കെ.എസ്.എ.ടി.എസ്.ആർ(ബി.പി.2)325/2020 തിയതി.09.06.2020

**<u>തൃശ്ശൂർ ജില്ലയിലെ വെള്ളാങ്കല്ലൂർ ബ്ലോക്ക് പഞ്ചായത്തിന്റെ</u>**

**<u>2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള</u>**

**<u>ഓഡിറ്റ് റിപ്പോർട്ട്.</u>**

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

തൃശ്ശൂർ ജില്ലയിലെ വെള്ളാങ്കല്ലൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 01.04.2018 മുതൽ 31.12.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 7 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും ,സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**<u>(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സി.രാജഗോപാലൻ, ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 05.02.2020 മുതൽ 12.02.2020 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.ഷീന.കെ.ടി, ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ബിത.ടി.എസ്, ഓഡിറ്റ് ഓഫീസർ |
| | ശ്രീ.സുനിൽകുമാർ.കെ.സി, അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.വിദ്യ.ഒ.കെ, ഓഡിറ്റർ |

**(ബി)നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.ഷാജി നക്കര | 01-04-2018 മുതൽ 19-12-2018 വരെ |
| | ശ്രീമതി.വത്സല ബാബു (വൈസ് പ്രസിഡന്റ്) | 20-12-2018 മുതൽ 22-01-2019 വരെ |
| | ശ്രീ.രാധാകൃഷ്ണൻ.കെ.എസ് | 23-01-2019 മുതൽ 31-3-2019 വരെ |
| സെക്രട്ടറി | ശ്രീ.സംഗീത്.സി.കെ | 01-04-2018 മുതൽ 31-03-2019 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസി.ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | ഗോപീ ദാസ് | 01-04-2018 മുതൽ 30-04-2018 വരെ |
| | റിങ്കു.പി | 01-05-2018 മുതൽ 07-08-2018 വരെ |
| | ഇന്ദു.പി.നായർ | 07-08-2018മുതൽ 31-03-2019വരെ |
| അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | ടി.ബാബു | 01-04-2018 മുതൽ 31-03-2019 വരെ |
| അസി.എഞ്ചിനീയർ | സിജോ.സി.എസ്. | 01-04-2018മുതൽ 31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ. സി.എച്ച്.സി. | ഡോ.ടി.വി.ബിനു | 01-04-2018 മുതൽ 31-03-2019 വരെ |
| വ്യവസായ | കവിതാ വേലായുധൻ | 01-04-2018 മുതൽ |

| | | |
|---|---|---|
| വികസന ഓഫീസർ | | 31-07-2018 വരെ |
| | സുനിത | 01-08-2018 മുതൽ 15-12-2018 വരെ |
| | കവിതാ വേലായുധൻ | 16-12-2018 മുതൽ 31-03-2019 വരെ |
| പട്ടിക ജാതി വികസന ഓഫീസർ | ഗിരീഷ് കുമാർ.പി | 01-04-2018 മുതൽ 09-01-2019 വരെ |
| | ദിജി.എം.ടി. | 10-01-2019 മുതൽ 31-03-2019 വരെ |
| ശിശു വികസന ഓഫീസർ | അംബിക.കെ.എ | 01-04-2018 മുതൽ 08-07-2018 വരെ |
| | മണി.ഒ.എൻ | 09-07-2018 മുതൽ 31-03-2019 വരെ |
| ക്ഷീര വികസന ഓഫീസർ | അരുൺ കുമാർ | 01-04-2018 മുതൽ 31-03-2019 വരെ |

**<u>ഉള്ളടക്കം</u>**


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ക്യാഷ് വെരിഫിക്കേഷൻ | 1-6 |
| 7 | ആഭ്യന്തരനിയന്ത്രണം | 1-7 |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| 9 | വാർഷികകണക്കിലെ അപാകതകൾ | 1-9 |
| 10 | രശീതി നൽകുന്നതിലെ അപാകതകൾ | 1-10 |
| 11 | ലേലം നടത്തിയിട്ടില്ല. | 1-11 |
| 12 | 6733917 രൂപ ചെലവഴിച്ച് നിർമ്മിച്ച കെട്ടിടവും അനുബന്ധസൗകര്യങ്ങളും ഉപയുക്തമാക്കിയിട്ടില്ല | 1-12 |
| 13 | ഇ ടെണ്ടർ ഇനത്തിലുള്ള ഫീസ് പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് | 1-13 |

| | | |
|---|---|---|
| | അടവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. | |
| 14 | പദ്ധതി മാർഗരേഖാ നിർദ്ദേശം പാലിച്ചിട്ടില്ല | 1-14 |
| 15 | സെക്രട്ടറി നിർവഹണോദ്യഗസ്ഥനായ പദ്ധതികൾ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല. | 1-15 |
| 16 | എസ് സി വിദ്യാർത്ഥികൾക്ക് പഠനമുറി | 1-16 |
| 17 | പദ്ധതികൾ നടപ്പിലാക്കിയില്ല | 1-17 |
| | **ഭാഗം 2** | |
| | ഇല്ല | |
| | **ഭാഗം 3** | |
| | ഇല്ല | |
| | **ഭാഗം 4** | |
| 18 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 19 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 20 | ഡെപ്പോസിറ്റ് വർക്കിനു നൽകിയതുകയുടെ വിവരങ്ങൾ | 4-3 |
| 21 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 22 | വായ്പ / വായ്പാ തിരിച്ചടവ് | 4-5 |
| 23 | സ്ഥിരനിക്ഷേപം | 4-6 |
| 24 | ഓഡിറ്റ് റിക്കവറി | 4-7 |
| 25 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 26 | ചാർജ്-സർചാർജ് നടപടികളുടെ വിവരം | 4-9 |
| 27 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 28 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| | ഓഡിറ്റ് സംക്ഷിപ്തം | അനുബന്ധം-2 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

2018-19 വർഷത്തെ ബഡ്ജറ്റ്, 16-3-2018 തീയതിയിലെ, 1-ാം നമ്പർതീരുമാനപ്രകാരം അംഗീകരിച്ചു. പ്രതീക്ഷിത വരവ്,267669048/രൂപയും, പ്രതീക്ഷിത ചെലവ് 260666484/ രൂപയും ആണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2019 | 22-05-2019 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 13575052 |
| വരവ് | 47931505 |
| ആകെ | 61506557 |
| ചെലവ് | 49245502 |
| നീക്കിയിരിപ്പ് | 12261055 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 23885000 | 23885000 | 23885000 | 0 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 14446000 | 14446000 | 13419251 | 1026749 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 164000 | 164000 | 164000 | 0 |

| | | | | | |
|---|---|---|---|---|---|
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 2833000 | 2833000 | 2828043 | 4957 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 65 | 58281373 | 50 | 40296294 | ഇല്ല | 15 | 76.9% |

# 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07/02/2020 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ അന്നേ ദിവസം ക്യാഷ് കൗണ്ടറിൽ വരവ് വന്നിട്ടില്ല.

# 1-7 ആഭ്യന്തരനിയന്ത്രണം

ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ മീറ്റിംഗുകളിൽ പദ്ധതി പുരോഗതി അവലോകനം ചെയ്യുകയും, മീറ്റിംഗുകളിൽ നിർവ്വഹണോദ്യോഗസ്ഥൻമാരുടെ സാന്നിദ്ധ്യം ഉറപ്പാക്കുകയും ചെയ്യുന്നുണ്ട്. തുടർച്ചയായി മീറ്റിംഗുകളിൽ ഹാജരാകാത്ത നിർവ്വഹണോദ്യോഗസ്ഥരെ ശാസിക്കുകയും, നോട്ടീസ് നൽകുകയും ചെയ്യുന്നതായി കാണുന്നുണ്ട്. ഇത് മാതൃകാപരമാണ്. ഏറ്റെടുക്കുന്ന പദ്ധതികൾ ഏതാണ്ട് എല്ലാം തന്നെ ഫലപ്രദമായി പൂർത്തിയാക്കുന്നുണ്ട്. സൗരോർജ്ജത്തിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിച്ച് ആയത് കെ എസ് ഇ ബിക്ക് നൽകി വർഷം തോറും ഏകദേശം 65000/- രൂപയോളം ബ്ലോക്ക് പഞ്ചായത്തിന് വരവായി ലഭിക്കുന്നുണ്ട്.പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തോടൊപ്പം വെള്ളാങ്കല്ലൂർ ബ്ലോക്ക് പഞ്ചായത്തും എന്ന പദ്ധതിയിൽ ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കിയ ആറാം ക്ലാസ് എ, എന്ന പദ്ധതി മറ്റ് ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഒരു മാതൃകയാണ്. ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള പതിനേഴ് സ്കൂളുകളിൽ ഗണിത ഉപകരണങ്ങൾ, അളവ് തൂക്ക ഉപകരണങ്ങൾ, ഗ്ലോബ്, അറ്റ്ലസ്, ക്ലാസ് ലൈബ്രറിയ്ക്കാവശ്യമായ പുസ്തകങ്ങൾ, ഫാൻ, ലൈറ്റ് തുടങ്ങിയ ഉപകരണങ്ങൾ, എൽ.ഇ.ഡി ഡിസ്പ്ലേ എന്നിവ വാങ്ങി നൽകിയിട്ടുണ്ട്. ഓരോ സ്കൂളിലേയും ആറാം ക്ലാസ് ഒരെണ്ണം ഇത്തരത്തിൽ ഉപകരണങ്ങൾ കൊണ്ട് സജ്ജമാക്കുകയും നല്ല രീതിയിൽ പ്രയോജനപ്രദമാക്കുകയും ചെയ്യുന്നുണ്ട്. ഈ പദ്ധതിയുടെ തുടർപുരോഗതി, സ്കൂളുകളിൽ സന്ദർശനങ്ങൾ നടത്തി വിലയിരുത്തേണ്ടതാണ്.

2018-19 വർഷത്തിൽ ഉപയോഗിച്ച 44 രശീതുകളിൽ 31 എണ്ണത്തിനും (04/18 മുതൽ 01/19 വരെ) കൗണ്ടർഫോയിലിൽ നിന്നും രശീതി നമ്പർ, അടവാക്കിയ തുക, തീയതി എന്നിവ തിരിച്ചറിയാനാകാത്ത നിലയിലാണ് പ്രിന്റ് ലഭിച്ചിട്ടുള്ളത്. ഖണ്ഡിക 1-11 ലെ മേൽ പട്ടിക 1,2 എന്നിവയിൽ സൂചിപ്പിച്ചവ ഒഴികെ മറ്റ് രശീതികളുടെ മുഴുവനായിട്ടുള്ള (കൗണ്ടർഫോയിൽ + രശീതി) പകർപ്പ് സൂക്ഷിച്ചിട്ടുണ്ട്. എന്നിരുന്നാലും കൗണ്ടർഫോയിൽ വഴി വ്യക്തികൾ അടവാക്കിയ തുകകളുടെ കൃത്യതാ പരിശോധന എളുപ്പമല്ല. ടി അപാകത 04/18 മുതൽ 01/19 വരെയുള്ള കാലയളവിൽ ആവർത്തിച്ചിട്ടും അപാകത പരിഹരിക്കാനുള്ള കാലതാമസം വരുത്തിയത് ആഭ്യന്തരനിയന്ത്രണ സംവിധാനത്തിന്റെ പോരായ്മയായി വിലയിരുത്തുന്നു.

# 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം. | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 03.10.2018 മുതൽ 12.10.2018 വരെ | 2017-18 | 17.12.2018 |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.01.14 മുതൽ 25.01.14 വരെ | 2009-10 മുതൽ 2012-13 വരെ | 17.03.2014 |

# 1-9 വാർഷികകണക്കുകളിലെ അപാകതകൾ

1.വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

2. <u>വാടക</u>

2.1 2018-19-ൽ അസസ്സ് ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ

വൗച്ചർ, വർക് ഷീറ്റ്, നിയമാനസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസ പത്രികയും അനുബന്ധ കണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തിയ്യതി | വൗച്ചർ |
|---|---|---|---|---|---|
| 1 | കെട്ടിടങ്ങളിൽ നിന്നുള്ള വാടക | 130100101-Rent from building | 46350 | 31.03.19 | 41800068 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/ എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നൽകുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

2.2 വാർഷിക കണക്ക് പ്രകാരം കെട്ടിടത്തിൽ നിന്നുമുള്ള വാടക താഴെ പറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദവിവരം താഴെ കൊടുക്കുന്നു.

| വരവിനം | ഡിമാന്റ് | കളക്ഷൻ | നീക്കിയിരിപ്പ് |
|---|---|---|---|
| വാർഷിക കണക്ക് പ്രകാരം | 46350 | 46350 | 0 |
| രജിസ്റ്റർ പ്രകാരം | 36900 | 37850<br>(6000 കുടിശ്ശിക ഉൾപ്പെടെ) | 5050 |

3. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ് ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

4. വാർഷിക കണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2018-19 കാലയളവിലെ "Net increase in cash and cash equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1313997/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2018-19 കാലയളവിൽ "Net cash generated by operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1234465/- രൂപയാണ്. അംഗീകരിക്കപ്പെട്ട

അക്കൗണ്ടിങ്ങ് സ്റ്റാന്റേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

5. 31/03/18-ലെ ഷെഡ്യൂൾ B3 പ്രകാരം "Capital Contribution" എന്ന ഇനത്തിലെ തുക 21389051/- രൂപയാണ്. ഇതേ തുകയാണ് 31/03/19-ലെ ബാലൻസ്ഷീറ്റിലും ചേർത്തിരിക്കുന്നത്. വികസന ഫണ്ട് ഉൾപ്പെടെയുള്ള പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം "Capital contribution" എന്ന ശീർഷകത്തിലേക്ക് ചേർക്കാത്തതാണ് ഇതിന് കാരണം. ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income and Expenditure അക്കൗണ്ട് പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു. ഇത് 152/2011/ത.സ്വ.ഭ.വ. തിയതി.26/07/11 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൗണ്ടിങ്ങ് നയങ്ങൾക്ക് വിരുദ്ധമാണ്.

6. 31/03/19-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11(a) പ്രകാരം കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക 1753920/- രൂപയാണ്. ആയത് പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

7. താഴെ ചേർത്തിരിക്കുന്ന കാലാവധി കഴിഞ്ഞ ചെക്കുകൾ "Liability in respect of stale cheque" എന്ന ബാധ്യത ശീർഷകത്തിലേക്ക് മാറ്റി ബാങ്ക് ബുക്ക് ക്രമീകരിച്ചിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം 46)). ആയത് ക്രമീകരിക്കേണ്ടതാണ്.

| ചെക്ക് നമ്പർ | തിയ്യതി | തുക |
|---|---|---|
| 148850 | 28.10.17 | 400 |
| 149217 | 24.04.18 | 1200 |

8. റസീപ്റ്റ് ആന്റ് പേയ്മെന്റ് ഷെഡ്യൂൾ RP-5 പ്രകാരം ടെണ്ടർ ഫോമിന്റെ വിലയായി 87920/- രൂപ വരവുണ്ട്. എന്നാൽ ആയത് പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

9. ഇ.എം.ഡി., സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവയുടെ രജിസ്റ്ററും വാർഷിക കണക്കുമായി മുന്നിരിപ്പ്, വരവ്-ചെലവ്, നീക്കിയിരിപ്പ് കണക്കുകൾ പൊരുത്തപ്പെടുന്നില്ല.

10. വാർഷിക കണക്കിൽ ആസ്തിയായി റോഡുകൾ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ റോഡുകൾ ബ്ലോക്കിന്റെ അധീനതയിലുൾപ്പെട്ടതല്ല.

# 1-10 രശീതി നൽകുന്നതിലെ അപാകതകൾ

വെള്ളാങ്കല്ലൂർ ബ്ലോക്ക് പഞ്ചായത്തിലെ സാംഖ്യ രശീതികൾ, ഡേ ബുക്ക്, ക്യാഷ് ബുക്ക്, പാസ് ബുക്ക് എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. താഴെപ്പറയുന്ന രശീതികളിൽ തുക, തീയതി എന്നിവ പ്രിന്റ് വന്നിട്ടില്ല. പകരം കൈകൊണ്ട് എഴുതിയാണ് ചേർത്തിട്ടുള്ളത്.

| വൗച്ചർ നമ്പർ/ രശീത് നമ്പർ | തീയതി(ക്യാഷ് ബുക്ക് പ്രകാരം) | തുക (ക്യാഷ് ബുക്ക് പ്രകാരം) | റിമാർക്ക്സ് |
|---|---|---|---|
| 118010100056 | 01.11.18 | 1200 | |
| 118010100057 | 29.11.18 | 1200 | |
| 118010100058 | 29.11.18 | 400 | |
| 118010100059 | 04.12.18 | 1250 | |
| 118010100060 | 05.12.18 | 500 | |
| 119010100030 | 11.10.19 | 1131 | |
| 119010100031 | 11.10.19 | 691 | |
| 119010100032 | 11.10.19 | 691 | |
| 119010100033 | 11.10.19 | 1190 | |
| 119010100038 | 28.10.19 | 400 | |
| 119010100045 | 5.12.19 | 1000 | രശീതിയിലെ എല്ലാ വിവരങ്ങളും കൈകൊണ്ടാണ് എഴുതിയത് |
| 119010100046 | 5.12.19 | 750 | “ |

2. താഴെപ്പറയുന്ന രശീതികളിൽ തുകകൾ കൈകൊണ്ട് എഴുതിയവയാണ്. കൂടാതെ രശീതി നമ്പർ രേഖപ്പെടുത്തിയിട്ടില്ല.

| ക്രമനം | സ്റ്റേഷനറി നമ്പർ | തുക |
|---|---|---|
| 1 | 4067086 | 440/- |
| 2 | 4067087 | 500/- |
| 3 | 4067088 | 5950/- |
| 4 | 4067089 | 595/- |
| 5 | 4067090 | 1250/- |

3. സാംഖ്യ രശീതി സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 4067001 മുതൽ 4067500 വരെ (500 എണ്ണം) കാര്യാലയത്തിൽ സ്വീകരിച്ചതായി രേഖപ്പെടുത്തലുണ്ട്. എന്നാൽ ടി രേഖപ്പെടുത്തൽ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ടി രശീതികൾ കൈപ്പറ്റിയതിന്റെ ഇൻവോയ്സ് ഹാജരാക്കേണ്ടതാണ്.

4. മേൽ രശീതികളിൽ 11.04.2018 മുതൽ 10.02.2020 തീയതി വരെ 4067001 മുതൽ 4067106 വരെയുള്ള രശീതികൾ ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധനയിൽ 4067300 വരെ രശീതികളാണ് ഹാജരാക്കിയത്. ബാക്കിയുള്ള രശീതികൾ വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

5. i)119010100045/ 05.12.2019, തുക - 1000/-

ii) 119010100046/ 05.12.2019, തുക - 750/-

മേൽ രശീതികൾ ക്രമനം (i) ൽ ദുർഗ്ഗ - കംപോസ്റ്റ് വാടകയിനത്തിൽ 1131143, 4067085 എന്നീ (സ്റ്റേഷനരി നമ്പറുകളിൽ) 2 രശീതുകളിൽ രശീതി നൽകിയിട്ടുണ്ട്. ക്രമനം (ii) ൽ പുണ്യം എസ്.എച്ച്.ജി വാടകയിനത്തിൽ 1131142, 4067084 എന്നീ (സ്റ്റേഷനറി നമ്പരുകളിൽ) 2 രശീതുകളിൽ രശീതി നൽകിയിട്ടുണ്ട് . കൂടാതെ ടി രശീതുകളിൽ വിവരങ്ങൾ കൈകൊണ്ടാണ് എഴുതി നൽകിയത്.

6. ക്രമനം 3 ൽ സൂചിപ്പിച്ച സീരിസിൽ പെടാത്ത 1131142, 1131143 എന്നീ സ്റ്റേഷനറികളിൽ രശീതുകൾ നല്കിയിട്ടുണ്ട്.

മേൽ രീതിയിൽ രശീതുകൾ നൽകാനുണ്ടായ സാഹചര്യത്തെക്കുറിച്ച് നടത്തിയ ഓഡിറ്റ് അന്വേഷണത്തിൽ പ്രിന്ററിന്റെ സാങ്കേതിക തകരാർ മൂലമാണ് ശരിയായ പ്രിന്റ് ലഭിക്കാതിരുന്നതെന്നും ടി തുക ബന്ധപ്പെട്ട ഹെഡ്ഡ് ഓഫ് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുണ്ടെന്നുമാണ് മറുപടിയിൽ അറിയിച്ചത്. കൂടാതെ നിലവിൽ ഇത്തരം അപാകകതകളില്ല എന്നുമാണ് അറിയിച്ചത്. 2018-19 സാമ്പത്തിക വർഷത്തിൽ വിതരണം ചെയ്യപ്പെടാത്ത സ്റ്റേഷനറികളിൽ രശീതി നൽകാനുണ്ടായ സാഹചര്യത്തെക്കുറിച്ച് മറുപടിയിൽ സൂചിപ്പിച്ചിട്ടില്ല.

2018-19 വർഷത്തിൽ ഉപയോഗിച്ച 44 രശീതുകളിൽ 31 എണ്ണത്തിനും (04/18 മുതൽ 01/19 വരെ) കൗണ്ടർഫോയിലിൽ നിന്നും രശീതി നമ്പർ, അടവാക്കിയ തുക, തീയതി എന്നിവ തിരിച്ചറിയാനാകാത്ത നിലയിലാണ് പ്രിന്റ് ലഭിച്ചിട്ടുള്ളത്. മേൽ പട്ടിക 1,2 ഇവയിൽ സൂചിപ്പിച്ചവ ഒഴികെ മറ്റ് രശീതികളുടെ മുഴുവനായിട്ടുള്ള (കൗണ്ടർഫോയിൽ + രശീതി) പകർപ്പ് സൂക്ഷിച്ചിട്ടുണ്ട്. എന്നിരുന്നാലും കൗണ്ടർഫോയിൽ വഴി വ്യക്തികൾ അടവാക്കിയ തുകകളുടെ കൃത്യതാ പരിശോധന എളുപ്പമല്ല. ടി അപാകത 04/18 മുതൽ 01/19 വരെയുള്ള കാലയളവിൽ ആവർത്തിച്ചിട്ടും അപാകത പരിഹരിക്കാനുള്ള കാലതാമസം വരുത്തിയത് ആഭ്യന്തരനിയന്ത്രണ സംവിധാനത്തിന്റെ പോരായ്മയായി വിലയിരുത്തുന്നു. കൂടാതെ 2018-19 കാലയളവിൽ വിതരണം ചെയ്യാത്ത സ്റ്റേഷനറികളിൽ രശീതി പ്രിന്റ് ചെയ്യുവാനിടയായ സാഹചര്യവും ആഭ്യന്തരനിയന്ത്രണത്തിന്റെ പോരായ്മയായി ചൂണ്ടികാണിക്കുന്നു.

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 7(1) പ്രകാരം സർക്കാരിലേക്കുള്ള പണം സ്വീകരിക്കുമ്പോൾ തന്നെ രശീത് നൽകുകയും കൗണ്ടർഫോയിലിൽ വരവിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തുകയും വേണം. കൗണ്ടർഫോയിലിന്റെ തുകയുടെ കൃത്യതയും വരവ് വന്ന തുകയുടെ കൃത്യതയും ഉറപ്പാക്കുന്ന രീതിയിൽ സൂക്ഷിക്കേണ്ടതും ആയത് മേലുദ്യോഗസ്ഥൻ ഉറപ്പുവരുത്തുകയും ചെയ്യേണ്ടതാണ്.

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 9(ബി) പ്രകാരം രശീതുബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്ററിൽ രശീതുകൾ ഉപയോഗിക്കാൻ തുടങ്ങിയ തീയതി, ഉപയോഗം പൂർത്തീകരിച്ച തീയതി എന്നിവ രേഖപ്പെടുത്തേണ്ടതാണ്. കൂടാതെ വിതരണം ചെയ്ത രശീതികളുടെ എണ്ണം, വിതരണം

ചെയ്യപ്പെട്ട ആളുടെ ഒപ്പ്, നീക്കിയിരിപ്പിന്റെ എണ്ണം, മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥന്റെ സാക്ഷ്യപ്പെടുത്തൽ എന്നീ വിവരങ്ങളും സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കേണ്ടതാണ്.

# 1-11 ലേലം നടത്തിയിട്ടില്ല

1) 16.06.2018ലെ 10/തീരുമാനനമ്പർ 1 പ്രകാരം വെള്ളാങ്കല്ലൂർ ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിലെ വൃക്ഷങ്ങളും വിളവുകളും 2018-19 വർഷത്തേയ്ക്ക് ജി.എസ്.ടി യടക്കം ലേലം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. 11.06.2018 ലെ നം.സി.177/2018 ലെ ലേലപരസ്യപ്രകാരം കോമ്പൗണ്ടിനകത്തെ മാവ്, പ്ലാവ്, തെങ്ങ്, സപ്പോട്ട തുടങ്ങിയ ഫലവക്ഷങ്ങൾ ലേലം ചെയ്യാനുള്ളതായി ഫയലിൽ കാണുന്നു. എന്നാൽ 2018-19 വർഷത്തിൽ ടിയിനത്തിൽ ലേലം നടന്നിട്ടില്ല. ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കേണ്ടതാണ്.

2) 16.06.2018ലെ 11/ തീരുമാനപ്രകാരം വെള്ളാങ്കല്ലൂർ ബ്ലോക്ക് പഞ്ചായത്ത് ജനറൽ എക്സ്റ്റെൻഷൻ ഓഫീസറുടെ 29.05.2018ലെ ക്ലീൻ ഡ്രൈവ് പരിപാടിയുമായി ബന്ധപ്പെട്ട 1577/18 നം. കത്ത് വായിച്ച് ചർച്ച ചെയ്തതായി മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വെള്ളാങ്കല്ലൂർ ബ്ലോക്ക് പഞ്ചായത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലെയും ആക്രിവേസ്റ്റുകൾ നിലവിലുള്ള മാർഗ്ഗ നിർദ്ദേശ പ്രകാരം ഒഴിവാക്കാനുള്ള നടപടികൾ ഏറ്റെടുക്കാൻ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടിയിനത്തിലെ തുടർനടപടികളും 2018-19 വർഷത്തിൽ നടത്തിയിട്ടില്ല. ആയതിന്റെ തുടർനടപടികളും അറിയിക്കേണ്ടതാണ്.

3) ബ്ലോക്ക് പഞ്ചായത്തിന്റെ മുമ്പിൽ കൂട്ടിയിരിക്കുന്ന സ്ക്രാപ്പ്/പഴയ സാധനങ്ങൾ ലേലം ചെയ്തുകൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും അറിയിക്കേണ്ടതാണ്.

മേൽ വിവരങ്ങൾക്ക് വേണ്ടി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി 6/11.02.2020) മറുപടി ലഭ്യമാക്കിയിട്ടില്ല.

മുൻവർഷത്തെ ലേല കാലാവധി കഴിയുമ്പോൾ ലേലനടപടികൾ സ്വീകരിക്കേണ്ടതും ബ്ലോക്ക് പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കാനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-12 6733917/- രൂപ ചെലവഴിച്ചു നിർമ്മിച്ച കെട്ടിടവും അനുബന്ധസൗകര്യങ്ങളും ഉപയുക്തമാക്കിയിട്ടില്ല.

വെള്ളാങ്ങല്ലൂർ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത്, 3-ാം വാർഡിൽ പഞ്ചായത്ത് ഗ്രൗണ്ടിനോടു ചേർന്ന് പഞ്ചായത്തിന്റെ വിവിധ പദ്ധതികൾ പ്രകാരം 6733917/- രൂപ ചെലവഴിച്ച് കെട്ടിടം പൂർത്തികരിച്ചിട്ടുണ്ട്. 26.12.2019 പ്രാബല്യത്തിൽ കരാർ ചമച്ച് പ്രസ്തുത കെട്ടിടം ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടുണ്ടെങ്കിലും 11.2.2020 ന് ഓഡിറ്റ് ടീം നടത്തിയ സ്ഥലപരിശോധനയിൽ കെട്ടിടം ഉപയുക്തമാക്കിയിട്ടില്ല എന്നു കണ്ടു. പകൽവീട്, വനിത

ഹെൽത്ത് ക്ലബ്ബ് എന്നീ സ്ഥാപനങ്ങൾക്കായാണ് കെട്ടിം പണി തീർത്തിരിക്കുന്നതെങ്കിലും നിലവിൽ ഉപയോഗിച്ചു തുടങ്ങിയിട്ടില്ല. ഓഡിറ്റ് തീയതി വരെ ടി കെട്ടിടത്തിനായി പദ്ധതി ഫണ്ട് ചെലവഴിച്ചതിൻറെ വിശദാംശം (26.12.19 ലെ കരാർ പത്രിക പ്രകാരം) ചുവടെ ചേർക്കുന്നു.

| വർഷം | പദ്ധതിയുടെ പേര് | അടങ്കൽ | ചിലവായ തുക |
|---|---|---|---|
| 2016-17 | പകൽ വീട് നിർമ്മാണം | 21,10,000 | 20,50,454 |
| 2017-18 | പകൽ വീട് പൂർത്തികരണം | 6,00,000 | 2,96,467 |
| 2018-19 | പകൽ വീട് കോമ്പൗണ്ടിൽ വയോജന പാർക്ക് | 3,20,571 | 3,20,571 |
| 2017-18 | വനിത ഹെൽത്ത് ക്ലബ്ബ് | 18,80,000 | 16,16,339 |
| 2018-19 | വനിത ഹെൽത്ത് ക്ലബ്ബ് പൂർത്തികരണം | 11,72,250 | 11,66,790 |
| 2018-19 | പകൽവീടിന് പുറകിൽ അടുക്കളയും അനുബന്ധപ്രവർത്തനങ്ങളും | 3,65,329 | 3,64,616 |
| 2017-18 | പകൽ വീട് ഇലക്ട്രിഫിക്കേഷൻ | 2,84,724 | 2,35,700 |
| 2017-18 | വനിത ഹെൽത്ത് ക്ലബ്ബ് ഇലക്ട്രിഫിക്കേഷൻ | 2,25,000 | 2,08,620 |
| 2017-18 | വനിത ഹെൽത്ത് ക്ലബ്ബിലേക്ക് ഉപകരണങ്ങൾ | 4,75,000 | 4,74,360 |
| | ആകെ തുക | | 6733917 |

കെട്ടിടത്തിൻറെ ഇലക്ട്രിഫിക്കേഷൻ പൂർത്തിയായിട്ടുണ്ടെങ്കിലും വൈദ്യുതി കണക്ഷൻ ലഭ്യമായിട്ടില്ല. കെട്ടിടത്തിന്റെ ചുമരുകളിൽ പലയിടത്തും വിള്ളലുകൾ രൂപപ്പെടുന്നതായി കാണാൻ കഴിഞ്ഞു. Project No. 75/19 പ്രകാരം വെള്ളാങ്കല്ലൂർ പകൽവീടിനു പുറകിൽ അടുക്കളയും അനുബന്ധപ്രവർത്തനങ്ങളും പ്രവൃത്തിയിൽ ചുവടെ ചേർത്ത അപാകതകൾ നിരീക്ഷിച്ചു.

i) അടുക്കളമുറ്റത്ത് വിരിച്ചിരുന്ന ഇന്റർലോക്ക് കട്ടകൾ ഫിനിഷിംഗ് ആയിട്ടില്ല. ചിലത് തെറ്റിയും ഇളകിയും നിൽക്കുന്നതായി കാണപ്പെട്ടു.

ii) റൂഫിംഗ് പർലിൻ/സിംഗിൾ സെക്ഷൻ ആണ് ചെയ്തിരിക്കുന്നത്. പക്ഷേ ട്രസ്സ് വർക്ക് ചെയ്യുന്നതിനുള്ള നിരക്കാണ് (Item 10.16.1) നൽകി കാണുന്നത്. ആയത് പരിശോധിക്കേണ്ടതാണ്.

പകൽ വീട് കോമ്പൗണ്ടിൽ വയോജന പാർക്ക് എന്ന പേരിൽ 3,20,571/- രൂപ ചെലവഴിച്ചിട്ടുണ്ട്. 3 വീതം ഗ്രാനൈറ്റ് പതിച്ച ബെഞ്ചുകളും മേശകളും പകൽവീട് കോമ്പൗണ്ടിൽ കെട്ടിടത്തിൽ വലതുവശത്തായി ഒരുക്കിയിട്ടുണ്ട്. വയോജനപാർക്കിനുള്ള സ്ഥലസൗകര്യം ഇല്ല. വൃക്ഷങ്ങളോ ചെടികളോ ഇല്ലാത്ത കോമ്പൗണ്ടിൽ അതിശക്തമായ വെയിൽ മൂലം ചൂട്ടു പഴുത്ത

നിലയിലാണ് ബഞ്ചുകൾ കാണപ്പെട്ടത്. വയോജനങ്ങൾക്ക് സൗകര്യപ്രദമായി ഇരിക്കാവുന്ന രീതിയിലല്ല രൂപകൽപ്പന.

പകൽവീടിനായി പണികഴിപ്പിച്ചിട്ടുള്ള കെട്ടിടങ്ങൾ പൂർണ്ണമായും പ്രവർത്തനക്ഷമമാക്കിയതിനുശേഷം ആവശ്യമുണ്ടെങ്കിൽ മാത്രമേ ഇതിനായി പുതിയ പ്രൊജക്ടുകൾ ഏറ്റെടുക്കുവാൻ പാടുള്ളൂ എന്ന സർക്കാർ നിർദ്ദേശം {സ.ഉ(കൈ) നം. 11/2018/ തസ്വഭവ തിരു തീയതി 29.1. 2018 ഖ 6.5.6} പാലിക്കാതെയാണ്, 2016-17 മുതൽ ഒന്നിനു പുറകെ ഒന്നായി ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ട സ്ഥലത്ത് ബ്ലോക്ക് പഞ്ചായത്ത് നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നത്. പകൽവീട് വയോജനങ്ങൾക്ക് തുറന്നുകൊടുക്കേണ്ടതാണ്. പകൽ വീടിനു മുകളിൽ വനിത ഹെൽത്ത് ക്ലബ്ബും, അതിനും മുകളിൽ യോഗ പരിശീലനത്തിനായി ട്രസ്സ് വർക്കും മറ്റു സൗകര്യങ്ങളും ആധുനിക രീതിയിൽ തന്നെ ഒരുക്കിയിട്ടുണ്ട്. വനിത ഘടക പദ്ധതിയായാണ് പ്രൊജക്ട് വിഭാവനം ചെയ്തിരിക്കുന്നത്. സ്ത്രീകളുടെ തൊഴിലും വരുമാനവും സാമൂഹ്യപദവിയും വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് വനിതഘടകപദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്. കെട്ടിടം ഒരുക്കി ഹെൽത്ത് ക്ലബ്ബ് ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളതുകൊണ്ട് മാത്രം പദ്ധതി ലക്ഷ്യം കൈവരിക്കുന്നില്ല. മാർഗ്ഗരേഖ നിർദ്ദേശപ്രകാരം സ്ത്രീ പങ്കാളിത്തമുള്ള പദ്ധതികൾ ആവിഷ്കരിക്കാൻ ഗ്രാമപഞ്ചായത്തുമായി സഹകരിച്ച് പ്രവർത്തനം ആവശ്യമാണ്. 26.12.2019 ലെ കരാർ വ്യവസ്ഥകൾക്കനുസൃതമായി പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്. നിർമിച്ച കെട്ടിടം നിഷ്ക്രിയ ആസ്തിയായി അവശേഷിക്കുന്ന സാഹചര്യം ഉണ്ടാകാതിരിക്കാൻ ഭരണസമിതി യുക്തമായ ഇടപെടലുകൾ നടത്തേണ്ടതാണ്.

# 1-13 ഇ-ടെണ്ടർ ഇനത്തിലുള്ള ഫീസ് പഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് അടവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

2018-19 വർഷത്തിൽ ഇ-ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫീസായ 71076/- രൂപ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പൊതു അക്കൗണ്ടിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് അടവാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ ഓരോ വർഷവും ടെണ്ടറിനത്തിൽ ലഭ്യമാക്കേണ്ട തുക സംബന്ധിച്ച് കണക്കുസൂക്ഷിക്കേണ്ടതുമാണ്.

# 1-14 പഞ്ചായത്ത് രാജ് ആക്ട് പ്രകാരമുള്ള ചുമതലാ വിഭജനത്തിൽ ഉൾപ്പെടാത്ത മേഖലകളിൽ പ്രൊജക്ടുകൾ

# ആവിഷ്കരിച്ചു നടപ്പിലാക്കി:പദ്ധതിമാർഗ്ഗരേഖ നിർദ്ദേശം പാലിച്ചിട്ടില്ല.

1.1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 172-ാം വകുപ്പ് (1) -ാം ഉപവകുപ്പ് നാലാം പട്ടിക പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ പൊതുവായ ചുമതലകളും മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളും വിവരിച്ചിട്ടുണ്ട്. പട്ടിക XIII പട്ടികജാതി, പട്ടികവർഗ്ഗ വികസനം മേഖലയിൽ പ്രീമെട്രിക് ഹോസ്റ്റലുകൾ നടത്തുക, പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് വേണ്ടിയുള്ള സഹകരണസംഘങ്ങൾ നടത്തുക എന്നിവയാണ്. നിർദ്ദിഷ്ട ചുമതലകൾ പട്ടികജാതി - പട്ടികവർഗ്ഗവാസകേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ട ചുമതല ഗ്രാമപഞ്ചായത്തുകൾക്കാണ്. എന്നാൽ അസി. എഞ്ചിനീയർ ആവിഷ്കരിച്ച് നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രൊജക്ടുകൾ ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപെടാത്തവയാണ്.ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| നം/പ്രൊജക്ട് | അടങ്കൽ തുക | ചെലവ് |
|---|---|---|
| 16/19 (n)<br>പുത്തൻചിറ വടക്കുംമുറി ലക്ഷം വീട് കോളനി സൈഡ് പ്രൊട്ടക്ഷൻ | 4,93,973/- | 0<br>തൻവർഷം ചെലവില്ല. |
| 17/19 (n)<br>മാരാത്ത് കോളനി കാന നിർമ്മാണം വഴി കോൺക്രീറ്റിംഗ് | 9,26,600/- | 7,34,897/- |
| 18/19 (n)<br>വേളൂക്കര സെറ്റിൽമെൻറ് കോളനി റോഡ് | 6,33,800/- | 0<br>തൻവർഷം ചെലവില്ല. |
| 43/19 (n)<br>തെക്കേപാടം ഹരിജൻ കോളനി റോഡ് സൈഡ് കെട്ടൽ | 6,98,479/- | 6,60,223/- |
| 62/19 (so)<br>മാരാത്ത് കോളനി നവീകരണ പ്രവൃത്തികൾ പൂർത്തികരണം | 1,89,156/- | 1,20,616/- |

2. പദ്ധതി മാർഗ്ഗരേഖ സ.ഉ(കൈ) നം. 11/2018/തസ്വഭവ, തിരു. തിയതി 29.1.2018 നിർദ്ദേശം ഖ 7.13.3,4 പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട 6 മീറ്ററിൽ കുറയാത്ത

വീതിയുള്ള റോഡുകൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രൊജക്ട് ബ്ലോക്ക് പഞ്ചായത്തുകൾക്കും ഏറ്റെടുക്കാവുന്നതാണ്. ആയതിന്

(i) ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ രേഖാമൂലമുള്ള സമ്മതപത്രം വാങ്ങണം.

(ii) പ്രധാനമന്ത്രി ആവാസ് യോജനക്ക് (PMAY) വകയിരുത്തേണ്ടതായ മുഴുവൻ തുകയും വകയിരുത്തിയിട്ടുണ്ട് എന്ന് സെക്രട്ടറി സാക്ഷ്യപ്പെടുത്തണം.

മേൽ വ്യവസ്ഥകൾ പാലിച്ചതിന്റെ രേഖകൾ ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടില്ല.

ബ്ലോക്ക് പഞ്ചായത്ത് തൻവർഷം റോഡ് റീടാറിംഗ്, മെറ്റലിംഗ്,ടാറിംഗ്,കാന നിർമ്മാണം എന്നീ ഇനങ്ങളിലായി 23 പ്രൊജക്ടുകൾ ഏറ്റെടുത്തിട്ടുണ്ട്. പ്രൊജക്ട് ഫോറങ്ങളിൽ ഒന്നിലും മേൽ റോഡുകളുടെ യുണീക് ഐ.ഡി.നമ്പർ രേഖപ്പെടുത്തിയിട്ടില്ല. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ രേഖാമൂലമുള്ള സമ്മതപത്രമോ പ്രധാനമന്ത്രി ആവാസ് യോജനക്ക് വകയിരുത്തേണ്ടതായ മുഴുവൻ തുകയും വകയിരുത്തിയിട്ടുണ്ടെന്ന ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ സാക്ഷ്യപത്രമോ ഒരു ഫയലിലും സൂക്ഷിച്ചിട്ടില്ല.

3.പ്രൊജക്ട് നം. 78/19 വെള്ളാങ്ങല്ലൂർ പി എച്ച്.സി കുടുംബാരോഗ്യകേന്ദ്രം പുതിയ കെട്ടിടം

അസി. എക്സി എഞ്ചിനീയർ നിർവ്വഹണം നടത്തിയ മേൽ പ്രൊജക്ട് സംയുക്ത പ്രൊജക്ടായാണ് ആവിഷ്കരിച്ചിരിക്കുന്നത്. ജില്ല പഞ്ചായത്ത് ഫണ്ട് 10,00,000/- വകയിരുത്തി കാണുന്നു.

അടങ്കൽ തുക 35,28,000/-

ചെലവ് 10,19,023/-

ജില്ലാ പഞ്ചായത്ത് ഫണ്ട് ലഭ്യമായിട്ടില്ല. സംയുക്തപ്രൊജക്ടിൽ പങ്കാളികളാകുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ തമ്മിൽ നിർവ്വഹണം ആരംഭിക്കുന്നതിനു മുമ്പ് ഒരു കരാർ ഉടമ്പടിയിൽ ഏർപ്പെടേണ്ടതാണെന്ന മാർഗ്ഗരേഖാ നിർദ്ദേശം പാലിച്ചിട്ടില്ല.മേൽ 1,2,3 വിഷയങ്ങളിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.ഇത് സംബന്ധിച്ച് സ്വീകരിച്ച തുടർനടപടികൾ അറിയിക്കേണ്ടതാണ്.

# 1-15 സെക്രട്ടി നിർവഹണോദ്യോഗസ്ഥനായ, ലൈഫ് (ജനറൽ), ലൈഫ് (എസ് സി) പദ്ധതികൾക്ക് വിഹിതം കൈമാറിയത്- വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

താഴെ പറയുന്ന പദ്ധതികൾക്കായി വെള്ളാങ്കല്ലൂർ ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ വരുന്ന താഴെ പറയുന്ന പഞ്ചായത്തുകൾക്ക് തുക കൈമാറിയതായി കാണുന്നു.

| പദ്ധതി നം | പദ്ധതിയുടെ പേര് | പഞ്ചായത്ത് | കൈമാറിയ തുക | ബിൽ നം/ തിയതി |
|---|---|---|---|---|
| | | | | |

| | | | | |
|---|---|---|---|---|
| 38/19 | ലൈഫ് (ജനറൽ) പഞ്ചായത്തുകൾക്ക് വിഹിതം കൈമാറൽ | പുത്തൻചിറ | 590600/ | 29/18-19,26-9-18<br>69/18-19,19-3-19<br>34/18-19,24-10/18<br>61/18-19,28-2-19 |
| 38/19 | “””””” | വെള്ളാങ്കല്ലൂർ | 1731857/ | “” “”<br>“”””<br>“”””<br>“””””” |
| 39/19 | “”” | പുത്തൻചിറ | 27600 | 30/18-19,25-9-18 |
| 39/19 | “””” | വെള്ളാങ്കല്ലൂർ | 566400 | 33/18-19,24-10-18<br>30/18-19,25-9-18 |

വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

# 1-16 എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി

പദ്ധതി നം: 27/2019

അടങ്കൽ 4400000/-

ചെലവ് 4200000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ - എസ് സി ഡെവലപ്പ്മെന്റ് ഓഫീസർ

2018-19 വർഷത്തിൽ എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി പദ്ധതിയിൽ 22 വിദ്യാർത്ഥികൾക്കായി തുക വകയിരുത്തി. ഇതിൽ 19 വിദ്യാർത്ഥികൾ 2018-19 സാമ്പത്തിക വർഷത്തിൽ തന്നെ പണി പൂർത്തീകരിച്ചു. ഇതിൽ 3 വിദ്യാർത്ഥികളുടെ പഠനമുറി പൂർത്തീകരിച്ചിരുന്നില്ല.

| ക്രമനം. | പേര് | നൽകിയ തുക |
|---|---|---|
| 1 | അരുണിമ പി എ<br>പുത്തുക്കാരൻ വീട് | 150000 |
| 2 | ശിവ വി അനിൽകുമാർ<br>വാരിയത്ത് വീട്. | 150000 |
| 3 | ആദിത്യ പി സി<br>പട്ടോടത്തിൽ വീട് | 200000 |

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പൂർത്തിയാകാത്ത 3 പഠനമുറികൾക്കായി 2019-20 വർഷം സ്പിൽ ഓവർ ഇനത്തിൽ 2 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. തുടർന്ന് അരുണിമ പി എ എന്ന കുട്ടിയുടെ പഠനമുറിയുടെ പണി പുരോഗമിച്ചിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. മറ്റു കുട്ടികളുടെ പഠനമുറികളുടെ പണി പൂർത്തീകരിക്കുന്നതിനു വേണ്ട നടപടികൾ കൂടി സ്വീകരിക്കേണ്ടതാണ്.

# 1-17 പദ്ധതികൾ നടപ്പിലാക്കിയില്ല

2018-19 സാമ്പത്തിക വർഷത്തിൽ വ്യവസായ വികസന ഓഫീസർ നടപ്പിലാക്കുന്നതിനായി രണ്ട് പദ്ധതികൾക്ക് തുക വകയിരുത്തിയിരുന്നു.

| ക്രമനം. | പദ്ധതി നം. | പദ്ധതി | വകയിരുത്തിയ തുക |
|---|---|---|---|
| 1 | 32/2019 | വനിത കാറ്ററിംഗ് യൂണിറ്റ് | 500000 |
| 2 | 33/2019 | കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് സ്വയംതൊഴിൽ സംരഭം | 300000 |

മേൽ പദ്ധതികൾ നടപ്പിലാക്കാത്തത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## <u>ഭാഗം -2</u>

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

- •

ഇല്ല

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

- •

ഇല്ല

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 03.09.2019 | കെ എസ് എ /ടി എസ് ആർ/(ബി പി 2)1321/19,തിയതി.17-9-2019 |

# 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട്

# വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-19 | 748000 | പിഎം എ വൈ / ഐ എ വൈ | 633000 | 115000 |
| " " | " " | 161532 | " " | 161532 | 0 |
| " " | " " | 1000000 | വെള്ളാങ്കല്ലൂർ പി എച്ച് സി കുടുംബാരോഗ്യകേന്ദ്രം പുതിയ കെട്ടിടം | 0 | 1000000 |

സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച തുക സംബന്ധിച്ച് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച വിവരങ്ങളാണ് പട്ടികയിൽ ചേർത്തിരിക്കുന്നത്. ഇത് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. ആയത് വിശദീകരിക്കേണ്ടതാണ്.

# 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

# 4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

# 4-6 സ്ഥിര നിക്ഷേപം

ഇല്ല

# 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

**(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല

**(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | :47931505 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | :49245502 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

ഇല്ല

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

ഇല്ല

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1995-96, 1996-97, 97-98 | എൽ.എഫ്.ടി.9-1555/98 തീയതി16.4.99/ 7.7.99 | |
| 98-99 | എൽ. എഫ്.ടി.9- 313/00 തീയതി24.4.00/ 17.5.00 | |
| 99-00 | എൽ. എഫ്.ടി.9-293/01തീയതി 27.4.01 | |
| 2000-01 | എൽ. എഫ്.ടി.9- 1608/01 തീയതി 24.8.02/ 14.11.12 | |
| 2001-02 | എൽ. എഫ്.ടി.9- 2119/05 തീയതി 4.2.06/14.11.06 | |
| 2002-03 | എൽ.എഫ്.ടി.21-2438/07 തീയതി 2.8.08/16.10.08 | |
| 2003-04 | എൽ. എഫ്.ടി.2439/07 തീയതി 2.8.08 | |
| 2004-05 | എൽ. എഫ്.ടി.21- 2440/07 തീയതി 2.8.08 | |
| 2005-06 | എൽ. എഫ്.ടി.21-809/09 തീയതി 16.3.10/15.5.10 | |
| 2006-07 | എൽ. എഫ്.ടി.21-809/09 തീയതി 16.3.10 /13.5.10 | |
| 2007-08 2010-11 | എൽ. എഫ്.ടി.(ബി.പി) 2267/12 തീയതി 5.2.13/15.6.13 | |
| 2011-12 | എൽ. എഫ്.ടി.(ബി.പി) 1584/2013/ തീയതി.9.14/13.3.14 | |
| 2012-13 | എൽ. എഫ്.ടി.(ബി.പി)1023/2014 തീയതി 10.10.14/24.11.14 | |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ(ബി.പി2)1734/15 തീയതി 8.12.15 | |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ(ബി.പി2) 670/16 | |

| | | |
|---|---|---|
| | തീയതി 19.5.16/19.8.16 | |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ(ബി.പി2) 321/17 തീയതി 24.03.17/29.03.17 | |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ(ബി.പി2) 1724/2017 തീയതി 01-12-2017 | |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ(ബി.പി2) 132/2019 തീയതി 02-05-2019 | |

ജോയിന്റ്ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം- 1 ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 [2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60] എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ

അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും വെള്ളാങ്കല്ലൂർ ബ്ളോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം -2 ഓഡിറ്റ് സംക്ഷിപ്തം

| സംക്ഷിപ്തം(AuditedAbstract) | |
|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് |
| 3 | ബാലൻസ് ഷീറ്റ് |

ജോയിന്റ് ഡയറക്ടർ
ജില്ല ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ